# ഭരണഭാഷ - മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം ഡിടിഇ - അക്കാദമിക് (എ) - YIP ക്ലബ് പ്രവർത്തന പദ്ധതി (action plan) , By-Law- - അംഗീകാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് (എ) വിഭാഗം

നം: C2/41814/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 18.01.2024

വായന:- 1.സി2/41814/23/ഡിടിഇ തീയതി 18.10.2023 സർക്കുലർ
2.സി2/41814/2023/ഡി ടി ഇ തീയതി 18.10.2023 ഈ കാര്യാലയത്തിലെ ഉത്തരവ്

**ഉത്തരവ്**

യങ് ഇന്നൊവേറ്റേഴ്സ് ക്ലബ്ബുകളുടെ (YIP Club) പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വിദ്യാർത്ഥികളിൽ നവീകരണാത്മക ചിന്തയും സർഗ്ഗാത്മകതയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൻറെ ഭാഗമായി കോളേജ് തലത്തിലും സംസ്ഥാന തലത്തിലും സംഘടിപ്പിക്കേണ്ട വിവിധ പ്രവർത്തനങ്ങൾ പ്രതിപാദിച്ചുകൊണ്ടുള്ള YIP ക്ലബ് പ്രവർത്തന പദ്ധതി (action plan) , By-Law എന്നിവ സംസ്ഥാനതല കോ-ഓർഡിനേറ്റർ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷത്തിൽ 12,50,000/- രൂപയുടെ ഭരണാനുമതിയാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

YIP ക്ലബ് പ്രവർത്തന പദ്ധതി (action plan) , By-Law എന്നിവ വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ നൂതനമായ ആശയങ്ങൾ ഇത്തരം പദ്ധതികളിലൂടെ പരിപോഷിപ്പിക്കേണ്ടത് തീർത്തും അത്യന്താപേക്ഷിതമാണ്. ഈ സാഹചര്യത്തിൽ YIP ക്ലബ് പ്രവർത്തന പദ്ധതി (action plan) , By-Law എന്നിവ അംഗീകരിച്ച് കൊണ്ടും YIP ക്ലബ് പ്രവർത്തന പദ്ധതി (action plan) പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് 2023-24 സാമ്പത്തിക വർഷത്തിൽ 10,00,000/- രൂപയുടെ (പത്ത് ലക്ഷം രൂപ മാത്രം) ഭരണാനുമതി ടി പദ്ധതിയുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർക്ക് നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ടി പദ്ധതി നിലവിലെ സർക്കാർ ചട്ടങ്ങളും /മാർഗ്ഗനിർദേശങ്ങളും മറ്റെല്ലാ നടപടിക്രമങ്ങളും കർശനമായി പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നുവെന്ന് സംസ്ഥാനതല കോ-ഓർഡിനേറ്റർ ഉറപ്പാക്കേണ്ടതാണ്. പ്രവർത്തന റിപ്പോർട്ട് യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

മേൽക്കണക്കിൽ ചെലവഴിക്കേണ്ട തുക 2203-00-001-93- പ്ലാൻ (Strengthening of the Department) ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്. ടി പ്ലാൻ ശീർഷകത്തിൽ നിന്നും തുക YIP ക്ലബ് സംസ്ഥാനതല കോ-ഓർഡിനേറ്റർക്ക് കൈമാറുന്നതിന് കളമശ്ശേരി, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രയിനിംഗ് സെൻറർ ജോയിൻറ് ഡയറക്ടർ, റെ അധികാരപ്പെടുത്തുന്നു.

ടി പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥാപനതല പ്രവർത്തനങ്ങൾക്ക് പരമാവധി 5,000/- രൂപ (അയ്യായിരം രൂപ മാത്രം) PD അക്കൗണ്ട് വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾക്കനുസരിച്ച്

Draft #5 of File C2/41814/23/DTE Approved by Director (in-charge) on 18-Jan-2024 07:48 AM - Page 1

ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പി.ഡി അക്കൗണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1.പ്രിൻസിപ്പൽ, സര്ക്കാർ പോളിടെക്നിക്ക് കോളേജ് ,നെടുംകണ്ടം (YIP സംസ്ഥാന തല കോ ഓർഡിനേറ്റർ )
2.ജോയിൻറ് ഡയറക്ടർ,സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രൈനിംഗ് ആന്ഡ് റിസെര്ച്ച് സെൻറർ,കളമശ്ശേരി
3.എല്ലാ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പൽമാർക്കും
4. എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാർക്കും

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 18.01.2024
Reason: Approved

Draft #5 of File C2/41814/23/DTE Approved by Director (in-charge) on 18-Jan-2024 07:48 AM - Page 2

The document is digitally approved. Hence signature is not needed.

May be approved.

Draft #5 of File C2/41814/23/DTE Approved by Director (in-charge) on 18-Jan-2024 07:48 AM - Page 3